മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

ഡെന്നിസ് ഫോർടിൻ

നാലാം ക്വാർട്ടർ

(ഒക്ടോബർ, നവംബർ, ഡിസംബർ)

2018

വിവർത്തനം: സി. ജെ. ആന്റണി

# ഉള്ളടക്കം

1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) .......... 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) .......... 13.

3. "അവർ എല്ലാവരും ഒന്നാകേണ്ടതിനു"
(ഒക്ടോബർ 13 - 19) .......... 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) .......... 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) .......... 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) .......... 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) .......... 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) .......... 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) .......... 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) .......... 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) .......... 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) .......... 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22-28) .......... 109.

പാഠം 3

# "അവർ എല്ലാവരും ഒന്നാകേണ്ടതിനു"

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** യോഹ. 17:1-26, 1യോഹ.5:19, യോഹ. 13:18-30, യോഹ. 5:20-23, മർക്കൊ. 9:38-41, വെളി.18:4, 1യോഹ.2:3-6.

**മനഃപാഠവാക്യം: "ഇവർക്കു വേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിക്കുവാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ, അവരും നമ്മിൽ ആകേണ്ടതിനു തന്നെ." (യോഹന്നാൻ 17:20,21)**

ഒറ്റിക്കൊടുക്കലിനും ക്രൂശേറലിനും തൊട്ടുമുമ്പ് യേശു നേരിടാനിരുന്നവയിലേക്ക് ഒരു ജനാല തുറന്നിടുകയാണ് യോഹന്നാന്റെ സുവിശേഷം. അഞ്ച് നിർണ്ണായക അദ്ധ്യായങ്ങളിലായി (യോഹ. 13-17) യേശുവിന്റെ അന്തിമ നിർദ്ദേശങ്ങൾ ലഭിക്കുന്നു. "സ്വർഗ്ഗീയ മഹാപുരോഹിത പ്രാർത്ഥനയിലാണ്" അത് അവസാനിക്കുന്നത് (യോഹ. 17).

"യാഗാർപ്പണത്തിനായി സ്വയം വിശുദ്ധീകരിക്കുന്ന ഈ പ്രാർത്ഥനയിൽ നമ്മുടെ കർത്താവിന് ഏറ്റവും ചേരുന്ന സ്ഥാനപ്പേരാണ് ലഭിച്ചത് -ഒരേസമയം പുരോഹിതനും ബലിമൃഗവും. അതേസമയം തന്നെ യാഗം ആർക്കുവേണ്ടി അർപ്പിക്കുന്നുവോ അവരുടെ വിശുദ്ധീകരണത്തിനും വേണ്ടിയാണ് ഈ പ്രാർത്ഥന. മാളികമുറിയിലുണ്ടായിരുന്ന ശിഷ്യർക്കും അവരുടെ സാക്ഷ്യത്തിലൂടെ വിശ്വാസത്തിലേക്കു വരാനിരുന്നവർക്കും വേണ്ടിയുള്ള പ്രാർത്ഥന." - *എഫ്. എഫ്. ബ്രൂസ്, ദി ഗോസ്പൽ ഓഫ് ജോൺ (ഗ്രാൻഡ് റാപിഡ്സ്: ഏർഡ്മാൻസ് 1983), പേജ് 328.*

ശിഷ്യന്മാരുടെയും കടന്നുവരാനുള്ള വിശ്വാസികളുടെയും ഐക്യത്തെക്കുറിച്ച് യേശുവിന്റെ ഉത്കണ്ഠയാണ് ഈ പ്രാർത്ഥനയുടെ ആത്മാവ്. ഇതാണ് അതിലെ പ്രധാന ആശയം: "ഞാൻ അവർക്കുവേണ്ടി അപേക്ഷിക്കുന്നു; ലോകത്തിനുവേണ്ടി അല്ല; നീ എനിക്കു തന്നിട്ടുള്ളവർ നിനക്കുള്ളവർ ആകുകകൊണ്ട്, അവർക്കു വേണ്ടിയത്രേ ഞാൻ അപേക്ഷിക്കുന്നത്. എന്റേത് എല്ലാം നിന്റേതും നിന്റേത് എന്റേതും ആകുന്നു; ഞാൻ അവരിൽ മഹത്വപ്പെട്ടുമിരിക്കുന്നു." (യോഹ. 17:9,10)

**ഈ പ്രാർത്ഥന സശ്രദ്ധം പഠിക്കാതെ സഭൈക്യമോ ക്രിസ്തുവിലുള്ള ഏകത്വമോ ഒന്നും അർത്ഥവത്തായി പഠിക്കാനാകില്ല. യേശു എന്താണ് പ്രാർത്ഥിച്ചത്, ആർക്കുവേണ്ടി പ്രാർത്ഥിച്ചു, ആ പ്രാർത്ഥന ഇന്ന് എന്ത് അർത്ഥമാകുന്നു?**

**ഞായർ** **ഒക്ടോബർ 14**

## യേശു തനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു

സ്വർഗ്ഗീയ മഹാപുരോഹിത പ്രാർത്ഥന എന്നു ചിലപ്പോൾ വിളിക്കപ്പെടുന്ന പ്രാർത്ഥനയ്ക്ക് മൂന്നു ഭാഗമുണ്ട്. ഒന്നാമത് യേശു തനിക്കു വേണ്ടി പ്രാർത്ഥിക്കുന്നു

(യോഹ.17:1–5), പിന്നീട് ശിഷ്യർക്കുവേണ്ടി (യോഹ.17:6–19). അവസാനമായി തന്നിൽ വിശ്വസിക്കാനിരിക്കുന്നവർക്കുവേണ്ടി (യോഹ. 17: 20–26).

**യോഹന്നാൻ 17:1–5 വായിക്കുക. ആ പ്രാർത്ഥനയുടെ അന്തഃസത്തയെന്ത്, ഇന്ന് അതിന്റെ അർത്ഥമെന്ത്?**

യേശു ആദ്യം തനിക്കു വേണ്ടി തന്നെ പക്ഷവാദം ചെയ്യുന്നു. യോഹന്നാന്റെ സുവിശേഷത്തിലെ മുൻസംഭവങ്ങളിൽ, തന്റെ സമയം വന്നിട്ടില്ലെന്ന് സൂചിപ്പിച്ചിരുന്നു (യോഹ. 2:4, 7:30, 8:20). എന്നാൽ ഇപ്പോൾ തന്റെ യാഗത്തിനുള്ള സമയമായി എന്നു യേശു അറിഞ്ഞു. തന്റെ ഭൗമീക ജീവിതത്തിന്റെ നാടകീയ അന്ത്യം എത്തിയെന്നും തന്റെ നേതൃനിർവ്വഹണത്തിനു ശക്തി ആവശ്യമുണ്ടെന്നും യേശു അറിഞ്ഞു. അതിനായുള്ള പ്രാർത്ഥനാസമയം ആണിപ്പോൾ.

പിതാവിന്റെ ഹിതം നിറവേറ്റി യേശു പിതാവിനെ മഹത്വപ്പെടുത്തും; കുരിശു വഹിക്കേണ്ടി വന്നാലും ക്രൂശേറ്റെടുക്കൽ ഒരു വിധിയല്ല, പിതാവു നൽകിയ അധികാരം നടപ്പാക്കലാണ്. രക്തസാക്ഷിയായിട്ടല്ല യേശു മരിച്ചത്. മനുഷ്യാവതാര ലക്ഷ്യം നിറവേറ്റിക്കൊണ്ട് പിതാവിനെ സ്വമേധാ മഹത്വപ്പെടുത്തിക്കൊണ്ട് ലോക പാപങ്ങൾക്കുവേണ്ടി ക്രൂശിലെ യാഗം ആയി.

**യോഹന്നാൻ 17:3 പ്രകാരം എന്താണ് നിത്യജീവൻ? ദൈവത്തെ അറിയുക എന്നാൽ എന്താണ്?**

പ്രഥമവും പരമപ്രധാനവും എന്തെന്നാൽ, യേശു പറയുന്നു, വ്യക്തിപരമായി ദൈവത്തെ അറിയുന്നതിലാണ് നിത്യജീവൻ. പ്രവർത്തിയിലൂടെയോ അറിവിലൂടെയോ രക്ഷ എന്നതല്ല കാര്യം. യേശു നമുക്കായി കുരിശിൽ എന്തു ചെയ്തോ, അതിനാൽ കർത്താവിനെ അനുഭവിച്ചറിയുക മാത്രം. ഈ അറിവ് കിട്ടുന്നതോ പിതാവുമായൊരു വ്യക്തിബന്ധത്തിലൂടെയാണ്. വസ്തുതകളും വിവരങ്ങളും മനസ്സിലായാൽ എല്ലാ അറിവും തികഞ്ഞു എന്നാണ് മാനുഷചിന്ത. എന്നാൽ യേശുവിന്റെ ലക്ഷ്യം ആഴമേറിയതും തൃപ്തിപ്പെടുത്തുന്നതുമാണ്. ദൈവവുമായി ഒരു വ്യക്തിബന്ധം. ദൈവത്തെക്കുറിച്ച് കൂടുതൽ അർത്ഥവത്തായ രക്ഷാകര ജ്ഞാനം മനുഷ്യർക്കു നേടിക്കൊടുക്കുക, അത് അവരെ തമ്മിൽ ഒന്നപ്പിക്കുന്നത് എങ്ങനെയെന്ന് മനസ്സിലാക്കുക, ഇവയായിരുന്നു യേശുവിന്റെ ആദ്യ വരവിന്റെ ലക്ഷ്യം.

**ദൈവത്തെ അറിയുക എന്നതും ദൈവത്തെ വ്യക്തിപരമായി അറിയുക എന്നതും തമ്മിലുള്ള വ്യത്യാസമെന്ത്? ദൈവത്തെ അറിയാൻ സഹായിച്ച എന്തെല്ലാം അനുഭവങ്ങൾ നിങ്ങൾക്കുണ്ടായിട്ടുണ്ട്?**

**തിങ്കൾ** **ഒക്ടോബർ 15**

## യേശു ശിഷ്യർക്കുവേണ്ടി പ്രാർത്ഥിക്കുന്നു

**യോഹന്നാൻ 17:9–19 വായിക്കുക. ശിഷ്യന്മാർക്കുവേണ്ടി യേശു എന്താണ് പ്രത്യേകമായി പ്രാർത്ഥിക്കുന്നത്?**

അടുത്തതായി യേശു ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. കാരണം അവർ

വലിയ അപകടത്തിലാണ്. വരും ദിവസങ്ങളിൽ യേശു അവർക്കൊപ്പം ഉണ്ടാകില്ല. ശാരീരിക സാന്നിദ്ധ്യം നഷ്ടമാകുമ്പോൾ ശിഷ്യരുടെ വിശ്വാസം ഇല്ലാതാകുന്ന തോർത്തായിരുന്നു ആ പ്രാർത്ഥന. അങ്ങനെ അവരെ പിതാവിന്റെ ചിറകിൻ കീഴി ലാക്കുന്നു.

യേശുവിന്റെ പ്രാർത്ഥന ഭൂമിയിൽ അവരുടെ സംരക്ഷണത്തിനാണ്. യേശു ലോകത്തിനായല്ല പ്രാർത്ഥിച്ചത്. കാരണം അത് പിതാവിന്റെ ഹിതത്തിനെതിരാ ണെന്ന് യേശുവിന് അകമറിവുണ്ടായിരുന്നു (1 യോഹ. 5:19). എന്നാലോ ലോക ത്തിലാണ് ശിഷ്യർക്ക് പ്രവർത്തിക്കാനുള്ളത്. യേശു പ്രാർത്ഥിക്കുന്നു, ലോകതിന്മ കളിൽ നിന്ന് അവരെ കാക്കണേ. യേശു ഭൂമിയെക്കുറിച്ച് ഉത്കണ്ഠാകുലനാണ്, കാരണം യേശു അതിന്റെ രക്ഷകനാണ്. പക്ഷെ സുവിശേഷവ്യാപനം അത് പ്രഘോ ഷിക്കാനിറങ്ങുന്നവരുടെ സാക്ഷ്യത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് ദുഷ്ടൻ അവരെ തോൽ പ്പിക്കാതിരിപ്പാൻ യേശു മദ്ധ്യസ്ഥനായി പ്രാർത്ഥിക്കുന്നു (മത്താ. 6:13).

എന്നിട്ടും ഒരു ശിഷ്യൻ പരാജയപ്പെട്ടു. അൽപം മുമ്പ് അന്നു വൈകിട്ട് യേശു സൂചിപ്പിച്ചിരുന്നു, ഒരുവൻ തന്നെ ഒറ്റുവാൻ കച്ചകെട്ടിയിരിക്കുന്നു (യോഹ. 13:18 –30). യൂദ ചതിക്കുമെന്ന് വചനം പ്രവചിച്ചിട്ടുണ്ടെങ്കിലും (സങ്കീ. 41:9) അവൻ വിധി യുടെ ഇരയല്ല. അന്ത്യത്താഴ സമയത്ത് യേശു അവനോട് സ്നേഹത്തോടെ സൗഹാർദ്ദത്തോടെ അപേക്ഷിക്കുന്നുണ്ട് (യോഹ. 13:26–30). "പെസഹ വേളയിൽ ചതിയന്റെ ഉദ്ദേശ്യം വെളിപ്പെടുത്തിക്കൊണ്ട് യേശു തന്റെ ദിവ്യത്വം തെളിയിക്കു ന്നു. യേശു മനസ്സലിഞ്ഞ് യൂദയേയും ശിഷ്യരുടെ ശുശ്രൂഷയിൽ ഉൾപ്പെടുത്തി. പക്ഷേ സ്നേഹത്തിന്റെ അവസാന അപേക്ഷ അവൻ വകവച്ചില്ല." - *എലൻ ജി. വൈറ്റ്, ദി ഡിസയർ ഓഫ് ഏജസ്, പേജ് 720.*

അസൂയയും സ്പർദ്ധയും ശിഷ്യരെ ഭിന്നിപ്പിക്കുമായിരുന്നു. മുമ്പും അതു സംഭ വിച്ചിട്ടുണ്ട്. അതിനാൽ യേശു ഐക്യത്തിനായി പ്രാർത്ഥിക്കുന്നു. "പരിശുദ്ധപി താവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന് നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ" (യോഹ. 17:11). അത്തരം ഐക്യം മനുഷ്യസാധ്യമല്ല, ദൈവീക കൃപാദാന ഫലമാണ്. ആ ഐക്യം പിതാവും പുത്രനും തമ്മിലുള്ള ഐക്യത്തിലുറച്ചതാണ്. ഭാവിയിൽ ഫലവത്തായ ശുശ്രൂഷയ്ക്ക് ഐക്യം അത്യന്താപേക്ഷിതമാണ്.

സത്യത്തിൽ ശുശ്രൂഷയ്ക്ക് ഒഴിച്ചുകൂടാനാവാത്തതാണ് അവരുടെ വിശുദ്ധീക രണവും അഭിഷേകവും. ശിഷ്യരുടെ ഹൃദയത്തിൽ ദൈവകൃപയുടെ ചലനം രൂപാ ന്തരമുണ്ടാക്കും. എന്നാൽ ദൈവീക സത്യത്തിനു സാക്ഷികളാകണമെങ്കിൽ ആ സത്യത്തിൽ സ്വയം രൂപാന്തരപ്പെടണം.

**"ലോകത്തിൽ നിന്നല്ലാത്ത" എന്നത് എന്തർത്ഥമാക്കുന്നു? അതിന് നമ്മുടെ ജീവിതവുമായി എന്തു ബന്ധം? നമ്മളെങ്ങനെ ജീവിക്കുന്നു എന്നത് എങ്ങനെ നമ്മെ "ലോകത്തിൽ നിന്നല്ലാത്തവരാക്കുന്നു"?**

## “എന്നിൽ വിശ്വസിക്കാനിരിക്കുന്ന ഏവനും”

യേശു ശിഷ്യർക്കായി പ്രാർത്ഥിച്ച ശേഷം, ചിലതു ഉൾപ്പെടുത്താൻ പ്രാർത്ഥന നീട്ടി -“ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും” (യോഹ. 17:20).

**യോഹ. 17:20-26 വായിക്കുക. പിന്നീടു സുവിശേഷം വിശ്വസിക്കാനിരുന്നവർക്കായി ക്രിസ്തുവിന്റെ ഏറ്റവും വലിയ ആഗ്രഹം എന്തായിരുന്നു? ഈ പ്രാർത്ഥന നിറവേറണമെന്നത് എന്തുകൊണ്ട് അതിപ്രസക്തമാകുന്നു?**

പിതാവും പുത്രനും ഒന്നായപോലെ വിശ്വാസികളും ഭാവിയിൽ ഒന്നാകാൻ യേശു പ്രാർത്ഥിച്ചു. യോഹന്നാന്റെ സുവിശേഷത്തിൽ ചിലയിടത്ത് പിതാവും പുത്രനും തമ്മിലുള്ള ഐക്യ സൂചനയുണ്ട്. അവർ ഒരിക്കലും തനിച്ച് പ്രവർത്തിക്കുന്നില്ല, ചെയ്യുന്നതെല്ലാം ഒരുമിച്ചാണ് (യോഹ. 5:20-23). വീണ മനുഷ്യനോട് തുല്യസ്നേഹമാണ്. അതുകൊണ്ട് പിതാവ് സ്വപുത്രനെ ലോകത്തിനു നൽകി. അതുകൊണ്ടു തന്നെയാണ് പുത്രനും തന്റെ ജീവൻ ബലി നൽകാൻ തയ്യാറായതും (യോഹ. 3:16, 10:15).

യേശു ഈ പ്രാർത്ഥനയിൽ സൂചിപ്പിക്കുന്ന ഐക്യം സ്നേഹവും ലക്ഷ്യവും തമ്മിലാണ്, കാരണം അത് പിതാവും പുത്രനും തമ്മിലാണ്. “നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും” (യോഹ. 13:35). ഈ ഐക്യം സ്നേഹത്തിൽ പ്രകടമാകുമ്പോൾ പിതാവും പുത്രനുമായി അവർക്കുള്ള ബന്ധം പരസ്യമായി വെളിവാകും. “അവരുടെ യഥാർത്ഥ ഐക്യത്തിന്റെ പ്രകടനം സത്യസുവിശേഷത്തിന്റെ ശക്തമായ സാക്ഷ്യമാകാൻ പോന്നതാണ്.” - *ആൻഡ്രിയാസ് ജെ. കോസ്റ്റെൻബർഗെർ, ജോൺ, ബേക്കർ എക്സിജെറ്റിക്കൽ കമന്ററി ഓൺ ദി ന്യൂ ടെസ്റ്റമെന്റ് (ഗ്രന്റ് റാപിഡ്സ്: ബേക്കർ അക്കാദമിക്, 2004) പേജ് 498.* ഇങ്ങനെ യേശു രക്ഷകനാണെന്ന് ലോകം അറിയും. അഥവാ യേശു പ്രാർത്ഥിച്ച ഈ ഐക്യത്തിന് ഒരിക്കലും മറഞ്ഞിരിക്കാനാവില്ല. ദൈവമക്കൾ തമ്മിൽ സ്നേഹവും ഐക്യവുമില്ലെങ്കിൽ സുവിശേഷത്തിന്റെ സത്യസന്ധതയെക്കുറിച്ച് ലോകത്തിന് എങ്ങനെ ബോദ്ധ്യപ്പെടും?

“നിത്യസത്യത്തിന്റെ പ്രതലത്തിൽ നിൽക്കാൻ പൂർണ്ണ ഐക്യമുള്ള ഒരു ജനത്തെ നയിക്കുകയാണ് ദൈവം............ തന്റെ ജനം മുഴുവൻ വിശ്വാസത്തിൽ ഒന്നാകുന്നത് ദൈവം വിഭാവനം ചെയ്യുന്നു. ക്രൂശുമരണത്തിനു തൊട്ടുമുന്നേ യേശുവിന്റെ പ്രാർത്ഥന ശിഷ്യന്മാർ ഒന്നാകണമെന്നായിരുന്നു. യേശു പിതാവിനൊപ്പമായിരുന്നെങ്കിലും പിതാവ് തന്നെ അയച്ചുവെന്ന് ലോകം വിശ്വസിക്കണമായിരുന്നു. മനസ്സിനെ തൊട്ടുണർത്തുന്ന ഈ മനോഹരമായ പ്രാർത്ഥന കാലങ്ങൾ കടന്ന് ഇന്നും പ്രസക്തമാണ്; കാരണം ആ വാക്കുകൾ ഇപ്രകാരമായിരുന്നു: ‘ഞാൻ പ്രാർത്ഥിക്കുന്നത് ഇവർക്കായി മാത്രമല്ല, ഇവരുടെ വാക്കു നിമിത്തം എന്നിൽ വിശ്വസിക്കാനിരിക്കുന്നവർക്കു വേണ്ടിയുമാണ്.’

"യേശുവിന്റെ പിൻഗാമികളെന്ന് അവകാശപ്പെടുന്നവർ എത്രമാത്രം ആത്മാർത്ഥയോടെ വേണം ഈ പ്രാർത്ഥനയ്ക്ക് തങ്ങളുടെ ജീവിതത്തിലൂടെ ഉത്തരം നൽകാൻ."*-എലൻ ജി. വൈറ്റ്, ടെസ്റ്റിമണീസ് ഫോർ ദി ചർച്ച്, വാല്യം 4, പേജ് 17.*

**മേൽപ്പറഞ്ഞ പോലൊരു ഐക്യം സഭയിലും ജീവിതത്തിലും ഉണ്ടാകാൻ നമ്മളെന്തെങ്കിലും ചെയ്യുന്നുണ്ടോ? സഭയുടെ ഐക്യത്തിനു നമ്മുടെ സ്വയത്തിന്റെ മരിക്കണം എന്നത് എന്തുകൊണ്ട് അനിവാര്യം ആയിരിക്കുന്നു?**

**ബുധൻ** **ഒക്ടോബർ 17**

**ക്രൈസ്തവർക്കിടയിലെ ഐക്യം**

**മർക്കൊസ് 9:38–41, യോഹന്നാൻ 10:16 വായിക്കുക. ഇവിടെ യോഹന്നാനോടുള്ള യേശുവിന്റെ പ്രതികരണം എന്ത് പഠിപ്പിക്കുന്നു. അതായത് യഥാർത്ഥ ക്രിസ്തു അനുയായിയെ വിധിക്കുന്നതിനെക്കുറിച്ചും ഒഴിവാക്കി നിർത്തുന്നതിനെക്കുറിച്ചും എന്ത് പഠിപ്പിക്കുന്നു?**

യോഹന്നാൻ 17-ലെ യേശുവിന്റെ പ്രാർത്ഥന തങ്ങളുടെ സഭയ്ക്കുള്ളിലെ ഐക്യത്തെക്കുറിച്ച് മാത്രം ആണെന്നു ചിന്തിക്കുന്ന ഒരു പ്രവണത സെവൻത് ഡേ അഡ്വന്റിസ്റ്റുകാർക്കുണ്ട്. ത്രിവിധ ദൂത് ലോകത്തോട് പങ്കുവയ്ക്കാനുള്ള ദൗത്യം പൂർത്തിയാക്കാൻ സഭയെന്ന നിലയിൽ നാമൊന്നിച്ചു നിൽക്കണം. ഈ കാര്യത്തിൽ തർക്കമില്ല.

**മറ്റ് ക്രിസ്ത്യാനികളുമായുള്ള ഐക്യത്തെക്കുറിച്ച് എന്ത് പറയുന്നു? യേശു പ്രാർത്ഥിച്ചതിന്റെ വെളിച്ചത്തിൽ നമ്മളും മറ്റുള്ളവരും തമ്മിൽ എന്തു ബന്ധമാണുണ്ടാവേണ്ടത് ?**

മറുചോദ്യം വേണ്ട. ദൈവത്തിന്റെ വിശ്വസ്ത ജനം നമ്മുടെ സഭയിൽ മാത്രമല്ല മറ്റുള്ളവയിലും ഉണ്ടെന്ന് നമ്മൾ വിശ്വസിക്കുന്നു. ബൈബിളും ഇത് വ്യക്തമാക്കുന്നു. ബാബിലോണിൽ പോലും ദൈവത്തിന്റെ വിശ്വസ്തരുണ്ട്: "എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിക്കാൻ അവളെ വിട്ടുപോരുവിൻ"(വെളി.18:4) ഇങ്ങനെ യേശു അവരെ വിളിക്കുന്നു.

അതേസമയം തന്നെ വെളിപ്പാടു പുസ്തകം അനുസരിച്ച് യേശുവിന്റെ നാമം ഉയർത്തുന്നവർ തന്നെ അവരുടെ മാർഗ്ഗത്തെ ത്യജിക്കും. അന്ത്യകാലത്ത് പല വ്യാജ ക്രൈസ്തവരും ഒന്നിക്കും. അവർ അധികാരികളുമായി ചേർന്ന് വെളിപ്പാട് 13: 1–17 വരെ വിവരിച്ചിരിക്കുന്ന പീഡനം നടപ്പിലാക്കും. അതുകൊണ്ട് അഡ്വന്റിസ്റ്റുകാർ എപ്പോഴും മറ്റു സഭകളുമായുള്ള ഐക്യ ആഹ്വാനത്തെ വളരെ സൂക്ഷിച്ചാണ് കൈകാര്യം ചെയ്തിട്ടുള്ളത്. പ്രത്യേകിച്ച് എക്യുമെനിക്കൽ പ്രസ്ഥാനം പോലുള്ളവയോട്.

അങ്ങനെ എങ്കിൽ മറ്റു സഭാവിഭാഗങ്ങളോട് നമ്മൾ എങ്ങനെ ഇടപെടണം? സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭ മറ്റു സഭകളുമായി എപ്രകാരം പ്രവർത്തിക്കണം എന്നതിനെക്കുറിച്ച് എലൻ ജി. വൈറ്റ് ഈ ഒരു കാര്യത്തിലെങ്കിലും ഇങ്ങനെ

എഴുതി: “മനുഷ്യൻ ദൈവഹിതത്തിന് വഴങ്ങുമ്പോൾ താൻ ശുശ്രൂഷ ചെയ്യുന്നവരുടെ ഹൃദയങ്ങൾക്കു മേൽ പരിശുദ്ധാത്മ മുദ്ര പതിയും. നമ്മൾ ഡബ്ല്യൂ.സി.റ്റി.യു. *(വിമൻസ് ക്രിസ്റ്റ്യൻ ടെംപറൻസ് യൂണിയൻ –1873–ൽ അമേരിക്കയിലെ ഓഹയോയിൽ തുടങ്ങിയ ആദ്യ വനിതാ സംഘടന. മദ്യവർജ്ജനത്തിലൂടെ ക്രൈസ്തവ പാഠങ്ങൾ പ്രാവർത്തികമാക്കിക്കൊണ്ട് സാമൂഹ്യ പരിഷ്ക്കാരമായിരുന്നു ലക്ഷ്യം)* പ്രവർത്തകർക്കു നേരേ മുഖം തിരിച്ചു നിൽക്കരുതെന്ന് എന്നെ കാണിച്ചു തരുന്നു. അവരുമായി ചേരുക വഴി ശബ്ബത്തനുസരണമെന്ന നമ്മുടെ തീരുമാനത്തിൽ നിന്നു വ്യതിചലിക്കുന്നില്ല. മദ്യവർജ്ജനമെന്ന അവരുടെ വിഷയത്തോട് നമ്മുടെ യോജിപ്പ് അറിയിക്കുകയും ചെയ്യാം. ആ വിഷയത്തിൽ വാതിൽ തുറന്ന് ഐക്യത്തിന് ക്ഷണിക്കുക വഴി അക്കാര്യത്തിൽ അവരുടെ സഹായം ഉറപ്പാക്കുന്നു. അതേസമയം തന്നെ നമ്മോടൊപ്പം ചേരുക വഴി പരിശുദ്ധാത്മാവ് അവരെ പുതിയ സത്യങ്ങൾ പഠിപ്പിക്കുകയും ചെയ്യും.” – വെൽഫെയർ മിനിസ്ട്രി, പേജ് 163.

ഒരു പ്രത്യേക വിഷയത്തെ ഒരു പ്രത്യേക കാലഘട്ടത്തിൽ എങ്ങനെ കൈകാര്യം ചെയ്യണമെന്നാണ് അവർ പറഞ്ഞതെങ്കിലും ചില പൊതു മാർഗ്ഗനിർദ്ദേശങ്ങൾ അത് തരുന്നുണ്ട്. ഒരു പൊതുസമ്മതിയുള്ള വിഷയത്തിൽ മറ്റു ക്രൈസ്തവ വിഭാഗങ്ങളുമായി എങ്ങനെ ബന്ധം വയ്ക്കാമെന്നതിനെപ്പറ്റി ഇതു വ്യക്തത വരുത്തുന്നു.

ഒന്നാമതായി, പൊതു സാമൂഹ്യ വിഷയങ്ങളിൽ ഒപ്പം ചേർന്ന് പ്രവർത്തിക്കാം. രണ്ടാമത്, അവരുമായി ചേർന്നാൽ അതൊരിക്കലും നമ്മുടെ വിശ്വാസങ്ങളും പ്രവർത്തനങ്ങളും ഇളവു ചെയ്തുകൊണ്ടാകരുത്. മൂന്നാമത്, നമുക്ക് ലഭിച്ചിട്ടുള്ള അനുഗ്രഹിക്കപ്പെട്ട സത്യദൂതുകൾ ഈ ഐക്യത്തിലൂടെ അവരുമായി പങ്കുവയ്ക്കാനും കഴിയണം.

**വ്യാഴം** **ഒക്ടോബർ 18**

## സ്നേഹത്തിൽ പങ്കുവയ്ക്കുന്ന ഒരേ വിശ്വാസം

**യോഹന്നാൻ 17:3–ൽ യേശു പറയുന്നു, ദൈവത്തെ അറിയുന്നത് നിത്യജീവനാണെന്ന്. 1 യോഹന്നാൻ 2:3–6 വായിക്കുക. ദൈവത്തെ അറിയുക എന്നാലെന്താണ്? ദൈനംദിന ജീവിതത്തിൽ ദൈവത്തെക്കുറിച്ചുള്ള അറിവ് എങ്ങനെ പ്രദർശിപ്പിക്കാം?**

പൊതുവെ സമൂഹത്തിൽ നിയമം അനുസരിക്കുന്ന പൗരന്മാർ എന്ന് വിളിക്കപ്പെടാനാണ് പലർക്കുമിഷ്ടമെങ്കിലും ദൈവത്തിന്റെ പത്തു കൽപനകൾ അനുസരിക്കാൻ ഇതേ ആളുകൾ തയ്യാറല്ല. ദൈവത്തിന്റെ കൃപ കൽപനയെ നീക്കിക്കളഞ്ഞുവെന്ന് ചിലർ തർക്കിക്കുന്നു. എന്നാൽ ബൈബിൾ അങ്ങനെയല്ല പഠിപ്പിക്കുന്നത്: “ദൈവത്തെ അറിയുന്നതിനല്ല ദൈവകൽപന അനുസരിക്കുന്നത്. നമ്മൾ ദൈവത്തെ/യേശുവിനെ അറിയുന്നു, സ്നേഹിക്കുന്നു എന്നതിന്റെ അടയാളമായാണ് കൽപന അനുസരണം. ദൈവത്തെക്കുറിച്ചുള്ള അറിവെന്നത് താത്ത്വികമായ അറിവല്ല അത് പ്രവർത്തിയിലേക്ക് നയിക്കുന്നു.” – *എക്കെഹാർട്ട് മുള്ളർ, ദി*

*ലെറ്റേഴ്സ് ഓഫ് ജോൺ (നാംപ, ഇഡാഹോ: പസഫിക് പ്രസ്, 2009), പേജ് 39.* യേശു തന്നെ എടുത്തു പറയുന്നു: "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളും", "എന്റെ കൽപനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു" (യോഹ.14:15,21). "നാം ദൈവത്തെ സ്നേഹിച്ച് അവന്റെ കൽപനകളെ അനുസരിച്ച് നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്ന് അതിനാൽ അറിയാം. അവന്റെ കൽപനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം. അവന്റെ കൽപനകൾ ഭാരമുള്ളവയല്ല." (1 യോഹ. 5:2,3).

**യോഹന്നാൻ 13:34,35 വായിക്കുക. യേശു ശിഷ്യർക്ക് എന്ത് പുതിയ കൽപനയാണ് കൊടുത്തത്. തന്റെ അനുയായികൾക്കിടയിലെ ഐക്യമെന്നതിനോട് ഇതെങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?**

അയൽക്കാരനെ തന്നെപ്പോലെ സ്നേഹിക്കാനുള്ള കൽപന പുതിയതല്ല. ദൈവം മോശയ്ക്ക് നൽകിയ നിർദ്ദേശങ്ങളിൽ അത് കാണാം (ലേവ്യ.19:18). താൻ സ്നേഹിച്ചതുപോലെ മറ്റുള്ളവരെ സ്നേഹിക്കുക എന്നതായിരുന്നു ശിഷ്യർക്ക് യേശു കൊടുത്ത പുതിയ കൽപന. ക്രിസ്തു പഠിപ്പിച്ച സ്വയം ത്യജിക്കുന്ന സ്നേഹം, അതാണ് ക്രിസ്ത്യാനികൾക്കുള്ള പുതിയ ധർമ്മം.

നമുക്കു മുന്നിൽ എത്ര മനോഹരമായ മാതൃക വച്ചിരിക്കുന്നു! സ്നേഹം എങ്ങനെ പ്രാവർത്തികമാക്കാം എന്നതിന്റെ വ്യക്തമായ പ്രദർശനമായിരുന്നു യേശുവിന്റെ ജീവിതം. തുടർന്നു കൊണ്ടേയിരിക്കുന്ന സ്നേഹത്തിന്റെ ശുശ്രൂഷയായിരുന്നു കൃപയുടെ പ്രവൃത്തി മുഴുവൻ. സ്വയം ത്യജിച്ച് ഇല്ലാതായിത്തീർന്നുകൊണ്ടുള്ള സ്നേഹം. മറ്റുള്ളവരുടെ നന്മയ്ക്കു വേണ്ടിയുള്ള സ്വയത്യാഗത്തിന്റെ, സ്നേഹത്തിന്റെ അനുസ്യൂതമായ ആവിഷ്ക്കാരമായിരുന്നു ക്രിസ്തുവിന്റെ ജീവിതമെന്ന് നമുക്ക് സങ്കൽപ്പിക്കാം. ക്രിസ്തു പ്രാവർത്തികമാക്കിയ തത്വം തന്റെ ജനവും, മറ്റുള്ളവരുമായുള്ള സകല ഇടപാടുകളിലും പ്രാവർത്തികമാക്കണം. ലോകത്തിനു മുന്നിൽ എത്ര ശക്തമായ സാക്ഷ്യമായിരിക്കും അത്തരമൊരു സ്നേഹം. നമുക്കിടയിൽ ഐക്യത്തിന്റെ എത്ര ശ്ക്തമായ ചാലകശക്തിയായി മാറും അത്.

**യേശുവെപ്പോലെ സ്വയം ത്യജിച്ചുകൊണ്ട് മറ്റുള്ളവരെ സ്നേഹിക്കാൻ നമുക്കെങ്ങനെ സാധിക്കും?**

**വെള്ളി** **ഒക്ടോബർ 19**

**കൂടുതൽ പഠനം:** *എലൻ ജി. വൈറ്റ്, "ഗോഡ്സ് ലോ ഇമ്മ്യൂട്ടബിൾ", പേജ് 443–446, ഗ്രേറ്റ് കോൺട്രോവേഴ്സിയിൽ നിന്ന്. പേജ് 763, 764–ൽ "ഡിനോമിനേഷൻസ് റിലേഷൻസ് റ്റു അതർ", എലൻ ജി. വൈറ്റ് എൻസൈക്ലോപീഡിയയിലെ പേജ് 1110–ൽ "റോമൻ കാത്തലിക് ചർച്ച്" വായിക്കുക.*

"സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭ ധാരാളം പ്രാദേശിക സഭകളുള്ള ഒരു ലോകവ്യാപക സഭയാണെങ്കിലും ദൈവത്തിന്റെ ആഗോളസഭയെന്ന് അവകാശപ്പെടുന്നില്ല. ആഗോള സഭ ഒരു സഭാവിഭാഗത്തിനുമപ്പുറം വിശാലമാണ്. യേശുവിനെ

വിശ്വസിക്കുകയും അനുസരിക്കുകയും പിന്തുടരുകയും ചെയ്യുന്നവരുടെ സമൂഹം എന്നതിനാൽ അത് ദൃശ്യവും അദൃശ്യവുമാണ്. വെളിപ്പാടു പുസ്തകത്തിൽ തീവ്രമായി പറയുന്ന ക്രൈസ്തവർക്കിടയിലെ ധർമ്മഭ്രംശത്തെക്കുറിച്ച് ചിന്തിച്ചാൽ പ്രസ്തുത ദൈവശാസ്ത്ര വിഷയം അതിന്റെ പാരമ്യത്തിലെത്തും. വെളിപ്പാട് 12 -ലെ വിശുദ്ധ സഭ വെളിപ്പാട് 17-ലെ വേശ്യയോടും വെളിപ്പാട് 21, 22-ലെ മഹാനഗരമായ ബാബിലോൺ കുഞ്ഞാടിന്റെ മണവാട്ടിയായ വിശുദ്ധനഗരം അതായത് പുതിയ യെരുശലെമുമായും തുലനം ചെയ്തിരിക്കുന്നു. ഒന്നാം നൂറ്റാണ്ടിൽ ആഗോള സഭ പ്രത്യക്ഷമായിരുന്നിരിക്കാം. എന്നാൽ മദ്ധ്യകാലഘട്ടത്തിൽ അത് പ്രത്യക്ഷമാവുക എന്നത് വളരെ പ്രയാസവും സങ്കീർണ്ണവുമായിരുന്നിരിക്കും.

"ആയതിനാൽ, ദൈവത്തിന്റെ സത്യസഭയെന്നത് തങ്ങളുടെ മാത്രം സഭയായി അഡ്വന്റിസ്റ്റുകാർ ചുരുക്കുന്നില്ല, മറ്റു ക്രൈസ്തവ സഭകളെക്കൂടി ഉൾപ്പെടുത്തുന്നുമില്ല. ദൈവത്തിന്റെ സത്യസഭയെന്നത് യഥാർത്ഥമായി അവനിൽ വിശ്വസിക്കുന്ന വ്യക്തികൾ ഉൾപ്പെടുന്നതാണ്. ദൈവം അവരെ അറിയുന്നു. മറുവശത്ത് അഡ്വന്റിസ്റ്റുകാർ വെളിപ്പാട് 12:17; 12-14 അദ്ധ്യായങ്ങളിൽ പറയുന്ന കാണപ്പെടുന്ന പ്രത്യേക അന്ത്യകാല ശേഷിപ്പു സഭയാണ് തങ്ങളെന്നാണ് അവകാശപ്പെടുന്നത്. ഈ ശേഷിപ്പിന് പ്രാദേശികവും ആഗോളവുമായ സ്വാഭാവമുണ്ട് (വെളി. 2:24, 12:17)." - *എക്കെഹാർട്ട് മുള്ളർ, "ദി യൂണിവേഴ്സാലിറ്റി ഓഫ് ദി ചർച്ച് ഇൻ ദി ന്യൂ ടെസ്റ്റമെന്റ്", എയ്ഞ്ചൽ മാനുവൽ റോഡ്രിഗസ് പതിപ്പിൽ നിന്ന് കൂടാതെ 'മെസേജ്, മിഷൻ ആൻഡ് യൂണിറ്റി ഓഫ് ദി ചർച്ച്' (സിൽവർ സ്പ്രിംഗ്, മെരിലാൻഡ്: ബിബ്ലിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജനറൽ കോൺഫ്രൻസ് ഓഫ് സെവൻത് ഡേ അഡ്വന്റിസ്റ്റ്സ്, 2013) പേജ് 37.*

**ചർച്ച**

1. **യോഹന്നാൻ 17-ലെ പ്രാർത്ഥനയുടെ നിറവേറൽ എന്തുകൊണ്ട് നമ്മുടെ സഭയ്ക്ക് പ്രധാനപ്പെട്ടതാകുന്നു? ആദ്യനൂറ്റാണ്ടിലെ സഭയുടെ ഐക്യത്തിന് യേശു ആഗ്രഹിച്ചു. ഇന്നു നമ്മുടെ സഭയെപ്പറ്റി യേശു എന്താഗ്രഹിക്കുന്നുണ്ടാകും?**
2. **നിങ്ങളുടെ പ്രാദേശിക സഭ മറ്റു ക്രൈസ്തവരുമായി ചേർന്ന് ഏതെങ്കിലും വിഷയത്തിൽ പ്രവർത്തിച്ചിട്ടുണ്ടോ? അങ്ങനെയെങ്കിൽ അതെങ്ങനെ നടന്നു? അവസരം വരുമ്പോൾ നമ്മുടെ സത്യങ്ങളോട് വിട്ടുവീഴ്ച ചെയ്യാതെ അവരുമായി എങ്ങനെ ചേർന്നു പ്രവർത്തിക്കാം?**
3. **വൻ പോരാട്ടത്തിലെ ഈ പ്രസ്താവനയുടെ സൂചനകളെന്തെല്ലാം? നമുക്കിടയിൽ ഇതെങ്ങനെ യാഥാർത്ഥ്യമാക്കാം? "ദൈവജനമെന്ന് അവകാശപ്പെടുന്നവർ ദൈവവചനം അവർക്കുമേൽ വിളങ്ങുംവിധം സ്വീകരിച്ചാൽ ക്രിസ്തു പ്രാർത്ഥിച്ച ഐക്യത്തിൽ അവർ എത്തും. അപ്പോസ്തലൻ വിവരിക്കും പോലെ, 'ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാക്കുവിൻ'. 'അവിടെ' അദ്ദേഹം പറയുന്നു 'നിങ്ങളെ വിളിച്ചപ്പോൾ ഏക**

**പ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്' – എഫേസ്യർ 4:3–5" – എലൻ ജി. വൈറ്റ്, ദി ഗ്രേറ്റ് കോൺട്രോവേഴ്സി, പേജ് 379.**

**സംഗ്രഹം:** യോഹന്നാൻ 17–ലെ യേശുവിന്റെ പ്രാർത്ഥന, യേശു ഇന്നും സഭൈക്യത്തെക്കുറിച്ചാണ് ചിന്തിക്കുന്നത് എന്നു ഓർമ്മപ്പെടുത്തുന്നു. അവന്റെ പ്രാർത്ഥന നമ്മുടേതുമാകണം. ദൈവവചനത്തിൽ വിശ്വാസം വേരുറപ്പിക്കാൻ മാർഗ്ഗങ്ങൾ നമ്മൾ തേടണം. പരസ്പരം സ്നേഹിക്കുകയെന്നത് എല്ലാവരുമായുള്ള നമ്മുടെ ബന്ധത്തിൽ പ്രത്യക്ഷമാകണം. ദൈവശാസ്ത്രപരമായ വ്യത്യസ്തതകൾ എന്തു തന്നെയായാലും വിശ്വാസതത്വങ്ങൾ ബലികഴിക്കാതെ മറ്റു ക്രൈസ്തവരുമായുള്ള ബന്ധത്തിലും ഇതു പ്രകടമാകണം.

****